**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **18-01-2021 - ൽ മറുപടിയ്ക്ക്**

**പുനർ ഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Smt. J. Mercykutty Amma**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി കൊണ്ടുവന്ന 'പുനർ ഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകിയെന്ന് പറയാമോ; ആയതിന് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം ആകെ 962 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിൽ 64 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 2016-17 വർഷം മുതൽ വകുപ്പ് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പാക്കി ക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾക്കായി തുക പുനർഗേഹം പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തിനാൽ ടി പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി തുക പുനർഗേഹം പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളതും 120 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതു മാണ്. അപ്രകാരം പുനർഗേഹം പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ നിന്നും ഭൂമി രജിസ്ട്രേഷനും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിനുമായി ആകെ 67.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളായി കൊച്ചി നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന 167 പേരെ നാളിതുവരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 3 പേർ കണ്ടെത്തിയ സ്ഥലങ്ങളുടെയും ഒരാൾ കണ്ടെത്തിയ വീട് ഉൾപ്പെടെയുള്ള സ്ഥലത്തിന്റെയും രജിസ്ട്രേഷൻ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള താണ്. സ്ഥലം രജിസ്റ്റർ ചെയ്ത രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021 മാർച്ച് 31 നകം ഇത്തരത്തിൽ എത്ര വീടുകൾ കൂടി നിർമ്മിച്ച് നൽകാനാകുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കൊച്ചി നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളായി നാളിതുവരെ 167 പേരെ തിരഞ്ഞെടുത്തിരുന്നു. ഇതിൽ 69 പേർ മാത്രമാണ് നിലവിൽ പദ്ധതിയിൽ താൽപര്യമറിയിച്ചിട്ടുള്ളത്. ഇതിൽ തന്നെ ഭൂരിഭാഗം |

| | | | |
|---|---|---|---|
| | | | പേരും ഫ്ളാറ്റിലേക്ക് മാറുന്നതിനാണ് താൽപര്യം അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ താൽപര്യം അറിയിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സർക്കാർ വക സ്ഥലവും സ്വകാര്യ ഭൂമിയും ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. എറണാകുളം ജില്ലയിൽ സ്ഥലത്തിന് മാർക്കറ്റ് വില വളരെ കൂടുതലായതിനാൽ ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തുന്നതിന് പ്രായോഗിക തലത്തിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ